(*b*) 8529.
(*c*) 5921.

തോട്ടം തൊഴിലാളികൾ

*൭൬൧. (൭൯) **ശ്രീ. പാണ്ടവത്തു ശങ്കരപ്പിള്ള:** താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) എസ്റ്റേററ് സ്റ്റാഫ് യൂണിയ (തെൻ ഇൻഡ്യ) നിൽനിന്നും അവരുടെ യൂണിയനംഗങ്ങളെ പിരിച്ചുവിടുക തുടങ്ങി തോട്ടം ഉടമസ്ഥർ കാണിക്കുന്ന അക്രമങ്ങൾക്ക കഴിഞ്ഞ രണ്ടു വർഷമായി എത്ര പരാതികൾ ലേബർ ഡിപ്പാർട്ടുമെൻറിനു ലഭിച്ചിട്ടുണ്ടെന്നു സദയം പറയുമോ;

(ബി) ന്യായമായ നോട്ടീസോ കാരണങ്ങളോ കൂടാതെ അനവധി സ്റ്റാഫ് അംഗങ്ങളെ തോട്ടങ്ങളിൽനിന്നും ജോലി വിടുത്തിവിടുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(സി) യൂണിയൻ പ്രവൎത്തനങ്ങളിലേർപ്പെടുന്നതിനു ഈ അടുത്തദിവസം ഒരു മി. അയ്യാദുരയെ പീരുമേടുള്ള ഒരു തോട്ടത്തിൽനിന്നും സസ്പെൻറുചെയ്തതായി പരാതി കിട്ടിയിട്ടില്ലേ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി **(ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):** (എ) പതിനഞ്ചില്പരം പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്.

(സി) ഇല്ല.

വനം

*൭൬൨. (൯൧) **ശ്രീ. പി. എം. വർഗ്ഗീസ്:** താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വനം വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) വനത്തിലെ താമസക്കാരായ മലംകുടികൾക്ക കൃഷിക്കായി വനത്തിൽ സ്ഥലം അനുവദിക്കാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു വ്യവസ്ഥകളിന്മേലാണ് അങ്ങിനെ ചെയ്യിരിക്കുന്നതു്;

(സി) ഗവൎമ്മെണ്ടിനു ഇതിൽനിന്നും വല്ല ആദായവും ലഭിക്കുന്നുണ്ടോ?

(ഡി) ആണ്ടുതോറും വളരെ ആദായം കിട്ടിക്കൊണ്ടിരിക്കുന്ന മലംകുടികൾ ഉണ്ടെന്നുള്ള സംഗതി ഗവൎമ്മെണ്ടിനറിയാമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി **(ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):** (എ) ഉണ്ട്.

(ബി) ൧൯൪൧ ഡിസംബർമാസം ൧൪-ാംനു ൧൦൬൭-ലെ രണ്ടാം റഗുലേഷനിലെ വ്യവസ്ഥകളെ പുരസ്കരിച്ചുകൊണ്ട് പ്രസിദ്ധീകരിച്ചിട്ടുള്ള വനം കുടി സംരക്ഷണചട്ടങ്ങൾ അനുസരിച്ച്.

(സി) ഇല്ല.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly